**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 430** **11-08-2021 - ൽ മറുപടിയ്ക്ക്**

**സൗജന്യ റേഷനും ഭക്ഷ്യകിറ്റും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ എ. സി. മൊയ്തീൻ ,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ എം നൗഷാദ് | | Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | കൊവിഡ് രണ്ടാം തരംഗത്തിന്റെ ആഘാതത്തിലും സംസ്ഥാനത്ത് ഒരാളും പട്ടിണി കിടക്കില്ലെന്ന് ഉറപ്പുവരുത്താൻ ഭക്ഷ്യ വകുപ്പിന്റെ നേതൃത്വത്തിൽ നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് കോവിഡ് സമാശ്വാസ പദ്ധതിയുടെ ഭാഗമായി എല്ലാ റേഷൻ കാർഡുടമകൾക്കും 2020 ഏപ്രിൽ-മെയ് കാലയളവിലും 2020 ലെ ഓണത്തിനും സൗജന്യ ഭക്ഷ്യക്കിറ്റുകൾ വിതരണം ചെയ്തിരുന്നു. കോവിഡിന്റെ രണ്ടാം തരംഗത്തിന്റെ ആഘാതം നിലനിന്നിരുന്ന സാഹചര്യത്തിൽ 2020 സെപ്റ്റംബർ മുതൽ 2021 ജൂൺ വരെയുള്ള എല്ലാ മാസങ്ങളിലും സൗജന്യ ഭക്ഷ്യക്കിറ്റ് വിതരണം തുടരുകയുണ്ടായി. ഇതിനു പുറമെ സംസ്ഥാനത്തെ വിവിധ ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾ, ഉച്ചഭക്ഷണ പദ്ധതിയുടെ ഗുണഭോക്താക്കളായ വിദ്യാർത്ഥികൾ, മത്സ്യത്തൊഴിലാളികൾ, സംസ്ഥാനത്തെ അതിഥി തൊഴിലാളികൾ എന്നീ വിഭാഗങ്ങളുടെ ഭക്ഷ്യസുരക്ഷ ഉറപ്പു വരുത്തുന്നതിനായി അവർക്കും സപ്ലൈകോ മുഖേന സൗജന്യ ഭക്ഷ്യക്കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ 2021 ലെ ഓണത്തോടനുബന്ധിച്ച് 16 ഇനങ്ങൾ ഉൾപ്പെടുന്ന സൗജന്യ ഓണകിറ്റിന്റെ വിതരണവും ആരംഭിച്ചിട്ടുണ്ട്. ഭക്ഷ്യധാന്യങ്ങളുടെ ലഭ്യത ഉറപ്പു വരുത്തുന്നതിനായി റേഷൻ കാർഡുടമകൾക്കുള്ള നോർമൽ വിഹിതത്തിനു പുറമെ 2020 ഏപ്രിൽ, മേയ് ജൂൺ, ആഗസ്റ്റ് മാസങ്ങളിലും, 2021 മാർച്ച് മുതൽ ജൂലൈ വരെയുള്ള മാസങ്ങളിലും NPS, NPNS വിഭാഗങ്ങൾക്ക് 15 രൂപ നിരക്കിൽ ശരാശരി 10 കിലോഗ്രാം വീതം സ്പെഷ്യൽ അരിയും അനുവദിച്ചിരുന്നു. ഭക്ഷ്യപൊതു വിതരണ വകുപ്പിന്റെ നേതൃത്വത്തിൽ പൊതുവിപണിയിൽ കർശനമായ പരിശോധനകൾ നടത്തിയതിന്റെ ഫലമായി കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും തടയുവാനും |

| | | | |
|---|---|---|---|
| | | | പൊതുവിപണിയിലെ അവശ്യ സാധനങ്ങളുടെ ലഭ്യത ഉറപ്പ് വരുത്തുവാനും കഴിഞ്ഞിട്ടുണ്ട്. |
| (ബി) | സൗജന്യ റേഷനും ഭക്ഷ്യകിറ്റും എത്ര കാലത്തേക്ക് വിതരണം ചെയ്യാനാണ് നിലവിൽ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | നിലവിൽ 2021 ലെ ഓണത്തോടനുബന്ധിച്ച് 16 ഇനങ്ങൾ ഉൾപ്പെടുന്ന സ്പെഷ്യൽ കിറ്റ് വിതരണം ചെയ്യുവാനാണ് തീരുമാനിച്ചിട്ടുള്ളത്. 2020 ഏപ്രിൽ മാസം, AAY, PHH വിഭാഗങ്ങളിൽ ഉൾപ്പെട്ട കുടുംബങ്ങൾക്ക് ടി മാസത്തെ റേഷൻ വിഹിതം പൂർണ്ണമായും സൗജന്യമായി വിതരണം നടത്തുകയും NP(S), NP(NS) വിഭാഗത്തിൽ ഉൾപ്പെട്ട കുടുംബങ്ങൾക്ക് 15 കിലോ അരി സൗജന്യമായി നൽകുകയും ചെയ്തു. കൂടാതെ റേഷൻ കാർഡില്ലാത്ത കുടുംബങ്ങൾക്കും 15 കിലോ അരി വീതം വിതരണം ചെയ്തു. ലോക്ഡൗൺ കാലത്ത് തൊഴിൽ നഷ്ടപ്പെട്ട് കഴിഞ്ഞിരുന്ന അതിഥി തൊഴിലാളികൾക്ക് ഒരാളിന് 5 കിലോ അരിയോ, 4 കിലോ ആട്ടയോ ആവശ്യാനുസരണം വിതരണം ചെയ്തു. ഇതു കൂടാതെ 2020 ഏപ്രിൽ മുതൽ 2020 നവംബർ വരെയുള്ള കാലയളവിലേക്ക് പ്രധാനമന്ത്രി ഗരീബ് കല്യാൺ അന്നയോജന സ്കീമിലും 2020 മെയ്, ജൂൺ മാസങ്ങളിലേക്ക് ആത്മ നിർഭർ ഭാരത് സ്കീമിലും സൗജന്യമായനുവദിച്ച ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്തിരുന്നു. നിലവിൽ AAY വിഭാഗത്തിന് പ്രതിമാസ വിതരണത്തോത് പ്രകാരമുള്ള അരിയും ഗോതമ്പും സൗജന്യമായാണ് വിതരണം ചെയ്തു വരുന്നത്. കൂടാതെ PHH വിഭാഗത്തിന് 2 രൂപ നിരക്കിലും, NPS വിഭാഗത്തിന് 4 രൂപ നിരക്കിലും ധാന്യം നൽകി വരുന്നു. PMGKAY സ്കീം 2021 മെയ് മുതൽ 2021 നവംബർ വരെ നീട്ടിയതു പ്രകാരം എ.എ.വൈ, മുൻഗണനാ വിഭാഗങ്ങൾക്ക് ആളൊന്നിന് 5 കിലോഗ്രാം വീതം ഭക്ഷ്യധാന്യങ്ങൾ സൗജന്യമായി വിതരണം ചെയ്തു വരുന്നുണ്ട്. കൂടാതെ FCI യിൽ നിന്ന് അരി ലഭ്യമാക്കി, മുൻഗണനേതര വിഭാഗത്തിന് സ്പെഷ്യൽ വിഹിതമായി 10 കി.ഗ്രാം അരി വീതം കി.ഗ്രാമിന് 15 രൂപ നിരക്കിൽ നൽകി വരുന്നുണ്ട്. |
| (സി) | പട്ടിക ഗോത്രങ്ങളിൽപ്പെട്ടവർക്ക് സൗജന്യ റേഷനും ഭക്ഷ്യകിറ്റും ലഭിക്കുന്നുവെന്നുറപ്പാക്കാൻ പ്രത്യേകം പദ്ധതി തയ്യാറാക്കിയിരുന്നോ; | (സി) | ഒറ്റപ്പെട്ട മലയോരമേഖലകളിലും വനാതിർത്തിക്കുള്ളിലും താമസിക്കുന്ന പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് റേഷൻ സാധനങ്ങൾ എത്തിച്ചു നൽകുന്നതിന് 'സഞ്ചരിക്കുന്ന റേഷൻകട' പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പട്ടിക വർഗ്ഗക്കാരായ ആദിവാസികൾ വസിക്കുന്ന ഗതാഗത സൗകര്യം കുറവുള്ളതും നിലവിലെ റേഷൻ കടകളിൽ നിന്നും അകന്ന് ഒറ്റപ്പെട്ടുള്ള ആദിവാസി ഊരുകളിൽ അർഹതപ്പെട്ട റേഷൻ വിഹിതം എത്തിച്ചു നൽകുന്നതിനു വേണ്ടിയാണ് 'സഞ്ചരിക്കുന്ന |

| | | | |
|---|---|---|---|
| | | | റേഷൻകട' പ്രവർത്തിച്ചു വരുന്നത്. ആയതിനൊപ്പം അനുവദിക്കപ്പെട്ട സൗജന്യ റേഷനും ഭക്ഷ്യകിറ്റും വിതരണം നടത്തി വരുന്നു. |
| (ഡി) | ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള തൊഴിലാളികൾക്കും സൗജന്യ റേഷൻ നൽകിയിരുന്നോ; വ്യക്തമാക്കുമോ? | (ഡി) | കോവിഡ് വ്യാപന സമയത്ത് തൊഴിൽ നഷ്ടപ്പെട്ടു കഴിഞ്ഞിരുന്ന അതിഥി തൊഴിലാളികൾക്ക് ഭക്ഷ്യധാന്യ വിതരണം നടത്തിയിരുന്നു. ഇപ്രകാരം 2020 ഏപ്രിൽ, മെയ് മാസങ്ങളിലായി 320803 അതിഥി തൊഴിലാളികൾക്ക് 1166.52 MT അരിയും 349.994 MT ആട്ടയും വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ കേന്ദ്ര സർക്കാരിന്റെ ആത്മ നിർഭർ ഭാരത് പദ്ധതിയിൻ കീഴിലും അതിഥി തൊഴിലാളികൾക്ക് ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്തിരുന്നു. |

സെക്ഷൻ ഓഫീസർ